നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കാൻ നടപടി

122 [1298] *ശ്രീ. തോമസ് ചാഴികാടൻ:*

„ *കെ. നാരായണക്കുറുപ്പ്:*

„ *റോഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ലാഭകരമായി പ്രവർത്തിക്കുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്;

(ബി) അവ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ ഓരോന്നും നേടിയിട്ടുള്ള വളർച്ചയുടെ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(ഇ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നറിയിക്കാമോ?

ഉത്തരം

(എ) — (സി) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.†

(ഡി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.†

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവായും ഡയറക്ടർ ബോർഡിലും പ്രൊഫഷണൽ യോഗ്യതയുള്ളവരെ നിയമിക്കുന്നതിനും കമ്പനിയിലെ മാനവശേഷിയുടെ വികസനത്തിനായും ഓഡിറ്റ് സിസ്റ്റം ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വ്യവസായ വകുപ്പുമന്ത്രിയും, സെക്രട്ടറിമാരും, പൊതുമേഖലാ പുനഃസംഘടനാ ബോർഡും നേരിട്ട് കമ്പനികളുടെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഒരു വൺടൈം സപ്പോർട്ട് നൽകാനുള്ള നയപരമായ തീരുമാനം എടുക്കുകയുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഒരു പുതിയ സമീപനത്തിന് രൂപം നൽകുന്നതിനായി വ്യവസായ-സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി, ധന-എക്സൈസ് വകുപ്പുമന്ത്രി, കൃഷി-കയർ വകുപ്പുമന്ത്രി, ഊർജ്ജ വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നിവരടങ്ങുന്ന ഒരു മന്ത്രിസഭാ ഉപസമിതിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനായി രൂപീകരിച്ചിരിക്കുന്ന എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് സ്ഥാപനങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്ന തരത്തിൽ ജീവനക്കാരുടെ എണ്ണം ക്രമീകരിക്കുന്നതിനായി അധികമുള്ള ജീവനക്കാരെ ഒരു സാമൂഹ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി സ്വയം പിരിഞ്ഞു പോകുന്നതിനായുള്ള ഒരു പദ്ധതി (സോഷ്യൽ സേഫ്റ്റി നെറ്റ് പ്രോഗ്രാം — എസ്. എസ്. എൻ. പി.) സർക്കാർ നടപ്പാക്കിയിട്ടുണ്ട്.

സബ് കരാർ അടിസ്ഥാനത്തിൽ കെൽട്രോൺ നൽകിയിട്ടുള്ള ജോലികൾ

123 [1299] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിനുവേണ്ടി തെരഞ്ഞെടുപ്പ് ഐഡന്റിറ്റി കാർഡ്, അച്ചടി ഉൾപ്പെടെ ഏതൊക്കെ ജോലികളാണ് പൊതുമേഖലാ വ്യവസായ സ്ഥാപനമായ കെൽട്രോൺ ഏറ്റെടുത്തു ചെയ്തു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കെൽട്രോൺ ഏറ്റെടുക്കുന്ന അച്ചടി ജോലികൾ മറ്റ് ഏതെങ്കിലും ഏജൻസികളെക്കൊണ്ട് ചെയ്യിക്കാറുണ്ടോ; എങ്കിൽ ഈ ഏജൻസികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) ബാംഗ്ലൂരിലെ എക്സ്-പ്രിന്റ് കമ്പനിയുമായി കെൽട്രോൺ ഏതെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ അച്ചടി ജോലികളാണ് ഇവരെ ഏൽപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഈ കമ്പനിക്ക് കഴിഞ്ഞ നാലു വർഷത്തിനിടയിൽ എത്ര രൂപയ്ക്കുള്ള ഓർഡർ നൽകിയിട്ടുണ്ട്; ഈ പ്രവൃർത്തികൾക്കായി ഇവർക്ക് ഇതുവരെ എന്തു തുക നൽകി എന്ന് വെളിപ്പെടുത്താമോ;

(ഇ) കെൽട്രോൺ എന്തെല്ലാം ജോലികളാണ് മറ്റു സഹകാരി സ്ഥാപനങ്ങൾക്ക് സബ് കരാർ അടിസ്ഥാനത്തിൽ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ, കേരളാ സംസ്ഥാന ഇലക്ഷൻ വകുപ്പിനുവേണ്ടി സംസ്ഥാനതലത്തിൽ വോട്ടർമാർക്കുള്ള ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ഉൽപ്പാദനവും, വിതരണവും, ഫോട്ടോ പതിച്ച

LIBRARY ARCHIVES Kerala Legislative Assembly